LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2001 ഏപ്രിൽ മുതൽ നാളിതുവരെ (10/2004) ഓരോ വർഷവും സർക്കാർ സർവ്വീസിലും, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലും, താൽക്കാലികവും ദിവസവേതനാടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നൽകിയ നിയമനങ്ങളുടെ കണക്ക് ചുവടെ ചേർക്കുന്നു:

വർഷം		തൊഴിൽ ലഭിച്ചവരുടെ എണ്ണം
05/01–12/01	..	9992
01/02–12/02	..	11538
01/03–12/03	..	10162
01/04–10/04	..	7396

തസ്തികകൾ-പാർട്ട്-ടൈം സ്വീപ്പർ, പ്യൂൺ, വാച്ച്മാൻ, വർക്കർ, വില്ലേജ്മാൻ, എൽ.ഡി. ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ്, എച്ച്. എസ്. എ., എൽ.പി.എസ്.എ., ഡോക്ടർമാർ, എഞ്ചിനീയർമാർ, ലക്ചറർമാർ.

(ബി) 2004 ഡിസംബറിലെ കണക്കുകൾ മറ്റ് സബ്ബ് ഓഫീസുകളിൽ നിന്നും ലഭ്യമാക്കി ക്രോഡീകരിച്ചുവരുന്നതേയുള്ളൂ. 2004 ഒക്ടോബറിലെ കണക്കനുസരിച്ച് 3800224 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബാക്കി വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ളവർ 57936 പേരാണ്.

പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കാൻ നടപടി

20 [503] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് തൊഴിൽ വകുപ്പ് കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

വെസ്റ്റേൺ ഇൻഡ്യാ കോട്ടൺസ് ലിമിറ്റഡ്, തിരുവേപ്പതി മിൽസ് ലിമിറ്റഡ്, പി. ജി. പ്ലൈവുഡ് (പുരുഷോത്തം ഗോകുൽദാസ് പ്ലൈവുഡ് കമ്പനി ലിമിറ്റഡ്) എന്നിവയാണ് കണ്ണൂർ ജില്ലയിൽ പൂട്ടിക്കിടക്കുന്ന പ്രധാന വ്യവസായ സ്ഥാപനങ്ങൾ. വെസ്റ്റേൺ ഇൻഡ്യാ കോട്ടൺസ് ലിമിറ്റഡ് തുറന്നു പ്രവർത്തിക്കുന്നതു സംബന്ധിച്ച തൊഴിൽ വകുപ്പ് ഇടപെട്ട് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ തലത്തിലും പിന്നീട് ലേബർ കമ്മീഷണർ തലത്തിലും പല തവണ ചർച്ചകൾ നടത്തിയിട്ടും ഒത്തുതീർപ്പിന് സാദ്ധ്യതയുണ്ടാകാതെ വന്നു. അതിനു ശേഷം 12-2-2004, 28-2-2004, 21-4-2004, 11-6-2004, 6-7-2004, 7-7-2004, 30-11-2004

എന്നീ തീയതികളിൽ ലേബർ കമ്മീഷണർ തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും ബന്ധപ്പെട്ട ചർച്ചകൾ നടത്തുകയുണ്ടായി. ഇതിൽ 7-7-2004-ലെ യോഗത്തിൽ അന്നത്തെ വനം വകുപ്പുമന്ത്രി ശ്രീ. കെ. സുധാകരനും 12-2-2004, 21-4-2004, 6-7-2004 എന്നീ തീയതികളിലെ ചർച്ചകളിൽ ശ്രീ. ടി. കെ. ബാലൻ എം. എൽ. എ.-യും പങ്കെടുത്തിരുന്നു. യോഗങ്ങളിൽ കമ്പനി മാനേജിംഗ് ഡയറക്ടർ പങ്കെടുത്തെങ്കിലും ഒത്തുതീർപ്പുണ്ടാക്കുവാനും മില്ല് തുറന്നു പ്രവർത്തിപ്പിക്കുവാനും ഇതുവരെ സാധിച്ചിട്ടില്ല. കമ്പനിയുടെ സാമ്പത്തിക ബുദ്ധിമുട്ടും ടെക്സ്റ്റൈൽ വ്യവസായത്തിലെ പ്രതിസന്ധിയുമാണ് പ്രധാനകാരണങ്ങളായി മാനേജ്മെന്റ് പറയുന്നത്. തൊഴിലാളികളുടെ വേജ് ബില്ല് കുറവുവരുത്തണമെന്നും 'പ്രൊഡക്റ്റിവിറ്റി' വർദ്ധിപ്പിക്കണമെന്നുമാണ് മാനേജ്മെന്റിന്റെ ആവശ്യം. എന്നാൽ തൊഴിലാളികൾ പൂർണ്ണമായും ഇത് അംഗീകരിക്കാൻ തയ്യാറല്ല. ആകർഷകമായ വിധത്തിൽ വി.ആർ.എസ്. നടപ്പിലാക്കുകയാണെങ്കിൽ ഭൂരിപക്ഷം തൊഴിലാളികളും പിരിഞ്ഞുപോകുമെന്നും തൊഴിലാളി യൂണിയനുകൾ വ്യക്തമാക്കിയിട്ടുണ്ട്. തൊഴിലുടമ മില്ല് തുറന്നു പ്രവർത്തിപ്പിക്കുവാൻ ഇതുവരെ തയ്യാറായിട്ടില്ല. അനുരഞ്ജന ചർച്ചകൾ ഊർജ്ജിതപ്പെടുത്തി പരിഹാരം കാണാൻ ശ്രമിച്ചുവരികയാണ്.

തിരുവേപ്പതി മിൽസ് ലിമിറ്റഡ് 15-4-1998 മുതൽ പൂട്ടിയതിനെത്തുടർന്നുള്ള തൊഴിൽ തർക്കം ചർച്ചയിലൂടെ പരിഹാരം ഉണ്ടാകാതിരുന്നതിനാൽ കോഴിക്കോട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന് അഡ്ജ്യൂഡിക്കേഷന് ശുപാർശ ചെയ്തിരിക്കുകയാണ്. അതുപോലെ പി.ജി. പ്ലൈവുഡ് കമ്പനി ലിമിറ്റഡ് 31-12-2003 മുതൽ പ്രവർത്തനം നിറുത്തി വച്ചത് സംബന്ധിച്ചുണ്ടായ തൊഴിൽതർക്കം 25-8-2004-ൽ കോഴിക്കോട് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ ഇടപെട്ട് തൊഴിലാളികൾ പിരിഞ്ഞുപോകുന്നതു സംബന്ധിച്ച് ഒത്തുതീർപ്പ് ഉണ്ടാക്കിയിട്ടുണ്ട്.

അരീക്കോട് ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ

21 [505] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ അരീക്കോട് ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം കോഴ്സുകൾ എന്ന് വ്യക്തമാക്കാമോ;

(സി) ഇപ്പോൾ ഈ ഐ.ടി.ഐ.-യിൽ ഏതെല്ലാം കോഴ്സുകളാണുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2004 ആഗസ്റ്റ് മുതൽ സാനിട്ടറി-ഹാർഡ്വെയർ-ഫിറ്റർ ട്രേഡ് പുതുതായി തുടങ്ങാൻ സർക്കാർ അനുമതി നൽകുകയുണ്ടായി. 2005 ആഗസ്റ്റ് മുതൽ 6 മാസം ദൈർഘ്യമുള്ള ഡ്രൈവർ-കം-മെക്കാനിക്ക് കോഴ്സ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly